

ഫാ. ജെയിംസ് മഞ്ഞാക്കൽ

മാരകരോഗമായ 'ഗില്ലെൻ ബാരി സിൻഡ്രോം' ബാധിച്ച് ഒന്നരവർഷത്തോളം കിടപ്പിലായിരുന്ന ഫാ. ജെയിംസ് മഞ്ഞാക്കൽ എം.എസ്.എഫ്.എസ് വീണ്ടും സുവിശേഷപ്രഘോഷണരംഗത്ത് സജീവമാകുമ്പോൾ സംഭവിച്ചത് മരണമുഖത്തുനിന്നുള്ള അത്ഭുതകരമായ തിരിച്ചുവരവാണ്. ദൈവം എല്ലാ ശാസ്ത്രങ്ങൾക്കും അതീതമാണെന്നും ദൈവവചനം എല്ലാ മരുന്നുകൾക്കും അതീതമാണെന്നും ബോധ്യപ്പെടുത്തുന്ന ആ ഉത്ഥാനാനുഭവത്തെക്കുറിച്ച്...

ഉത്ഥാനാനുഭവത്തിൽ ഫാ. മഞ്ഞാക്കൽ

ബിജു തോമസ്

അഞ്ചു ഭൂഖണ്ഡങ്ങളിലായി 102 രാജ്യങ്ങളിൽ ലക്ഷക്കണക്കിന് ജനങ്ങളെ ദൈവാനുഭവത്തിലേക്കും രോഗസൗഖ്യത്തിലേക്കും കൈപിടിച്ചുയർത്തുന്ന ഫാ. ജയിംസ് മഞ്ഞാക്കൽ എം.എസ്.എഫ്.എസിനെ അറിയാത്തവർ ചുരുക്കം. ലക്ഷക്കണക്കിന് ആളുകൾക്ക് രോഗശാന്തി പകർന്നുനൽകിയ അച്ചൻ പക്ഷേ, ഓസ്ട്രിയയിൽവെച്ച് 'ഗില്ലെൻ ബാരി സിൻഡ്രോം' (ജി.ബി.എസ്) എന്ന മാരകരോഗം ബാധിച്ച് ഒന്നരവർഷം കിടപ്പിലായിരുന്നു.

ലക്ഷത്തിൽ രണ്ടു പേർക്കുമാത്രം ഉണ്ടാകാവുന്ന ഈ മാരകരോഗം സ്വതന്ത്ര നാഡീവ്യൂഹത്തെയാണ് ആദ്യം പിടികൂടുക. കൈകാലുകളിൽ തുടങ്ങുന്ന തളർച്ച ക്രമേണ ശരീരത്തിലേക്ക് ബാധിച്ച് പൂർണതളർച്ചയിൽ അവസാനിക്കും. സ്വതന്ത്ര നാഡീവ്യവസ്ഥയെ തകരാറിലാക്കുന്ന ഈ രോഗം ശ്വസനപ്രക്രിയയുമായി ബന്ധപ്പെട്ട പേശികളെ ബാധിച്ചാൽ പലപ്പോഴും ജീവനുതന്നെ ഭീഷണിയാകാറുമുണ്ട്.

കഴുത്തിനു താഴേയ്ക്ക് ചലനമറ്റ, 'കോമ സ്റ്റേജ്' എന്ന് വൈദ്യശാസ്ത്രം വിളിക്കുന്ന അതിഗുരുതരാവസ്ഥയിൽ നാലു മാസത്തോളം അച്ചൻ ജീവൻ നിലനിർത്തിയത് വെന്റിലേറ്ററിന്റെ സഹായത്തിലാണ്. ആശുപത്രികളിൽനിന്ന് ആശുപത്രികളിലേക്ക് നീണ്ട ചികിത്സയിൽ, കിടക്കയിൽനിന്ന് ഇനിയൊരു ഉണർത്തെഴുന്നേൽപ്പില്ലെന്ന് വിദഗ്ധ ഡോക്ടർമാരും വൈദ്യശാസ്ത്രവും വിധിയെഴുതി.

പക്ഷേ, ഫാ. ജെയിംസിനെ സംബന്ധിച്ചു ദൈവികകണക്കുകൂട്ടൽ മറ്റൊന്നായിരുന്നു. എല്ലാ ശാസ്ത്രങ്ങൾക്കും അതീതമാണ് ദൈവമെന്നും എല്ലാ മരുന്നുകൾക്കും മേലേയാണ് ദൈവവചനമെന്നും സ്വന്തം അനുഭവത്തിലൂടെ ലോകത്തിനു സാക്ഷ്യപ്പെടുത്തിയ അദ്ദേഹം അർഥുതകരമായ തിരിച്ചുവരവ് നടത്തുകയാണ് ഇപ്പോൾ.

രോഗത്തെ അതിജീവിച്ച 'ഉയിർത്തെഴുന്നേൽപ്പി'നുശേഷം പോളണ്ടിലെ വാഴ്സോ നഗരത്തിലായിരുന്നു അദ്ദേഹം നേതൃത്വംകൊടുത്ത ആദ്യ ശുശ്രൂഷ. നാലു ദിവസം നീണ്ട ഈ കൺവെൻഷനിൽ ദിവസവും ഏഴായിരത്തിൽപ്പരം വിശ്വാസികളാണ് പങ്കെടുത്തത്. പെക്ക് റിപ്ബ്ലിക്കിലെ ബെൺണോ എക്സിബിഷൻ സെന്ററിൽ നടത്തിയ കൺവെൻഷനിൽ പങ്കെടുത്തത് മുവായിരത്തിലധികം പേരാണ്.

വചനപ്രഘോഷണം, രോഗശാന്തി ശുശ്രൂഷ, വിശുദ്ധ കുർബാന എന്നിങ്ങനെ രാവിലെമുതൽ വൈകിട്ടുവരെ നീണ്ട ശുശ്രൂഷ വീൽചെയറിന്റെ സഹായത്തോടെയാണ് നിർവഹിച്ചതെങ്കിലും യാതൊരു ക്ഷീണവും ആ മുഖത്തു കണ്ടില്ല. മാത്രമല്ല, മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത ആത്മീയ ചൈതന്യത്തോടെയായിരുന്നു അദ്ദേഹത്തിന്റെ ശുശ്രൂഷകൾ. രോഗശാന്തി ശുശ്രൂഷയ്ക്കുശേഷം സാക്ഷ്യം പറയാൻ നൂറുകണക്കിന് ആളുകളുടെ നിരയായിരുന്നു രൂപപ്പെട്ടത്.

ഫാ. ജെയിംസ് മഞ്ഞാക്കൽ പോളണ്ടിൽ സംഘടിപ്പിച്ച കൺവെൻഷനിൽ

തന്റെ ആത്മീയ ജീവിതത്തിൽ നാലു ശക്തിസ്രോതസ്സുകളാണുള്ളതെന്ന് അച്ചൻ സാക്ഷ്യപ്പെടുത്തുന്നു. ആ ശക്തിസ്രോതസ്സുകളിലുള്ള അടിയുറച്ച വിശ്വാസമാണ്, തിരിച്ചുകിട്ടില്ലെന്ന് മറ്റുള്ളവർ എഴുതിത്തള്ളിയ ജീവിതം തിരിച്ചുപിടിക്കാൻ തുണയായതെന്ന് അച്ചൻ പറയുന്നു.

ക്രിസ്തു സഹായത്തോടെ വന്നവർ ശുശ്രൂഷയ്ക്കുശേഷം സാധാരണപോലെ നടന്നുപോകുന്നത് കാണാനിടയായി. ജനം ഒന്നിച്ച് ആ സമയത്തെല്ലാം 'ഹല്ലേലൂയ്യ...' മുഴക്കുന്നുണ്ടായിരുന്നു.

അച്ചനെ വീൽചെയറിൽ എടുത്തിരുത്താനും തിരിച്ചുകൊണ്ടുപോകാനും മറ്റുള്ളവരുടെ സഹായം വേണം. പെറുവിൽനിന്നുള്ള ഗാബി, ജർമനിയിൽനിന്നുള്ള ഡോ. റിച്ചി, ഭാര്യ ജന്നി, മെഡിക്കൽ വിദ്യാർഥിയായ ജൊഹാനസ് ഹബ്നെൻ തുടങ്ങിയവർ സഹായസന്നദ്ധരായി അദ്ദേഹത്തോടൊപ്പമുണ്ട്. അതിരാവിലെ അച്ചനെ കിടക്കയിൽനിന്ന് എഴുന്നേൽപ്പിക്കുന്നതുമുതലുള്ള കാര്യങ്ങളിൽ സഹായിക്കുന്നത് എപ്പോഴും കൂടെയുള്ള ഗാബിയാണ്. അച്ചനെ ശുശ്രൂഷകളിൽ സഹായിക്കാൻ വിവിധ രാജ്യങ്ങളിൽനിന്നുള്ള സന്നദ്ധപ്രവർത്തകരുമുണ്ട്. സ്പെയിനിൽനിന്നുള്ള സേവ്യർ ലോപ്സ്, കൊറേഷ്യയിൽനിന്നുള്ള സൂസന്ന, സുസന്നയുടെ ഭർത്താവ് എന്നിവരായിരുന്നു ഇക്കാര്യങ്ങൾക്ക് നേതൃത്വം വഹിച്ചത്.

തന്റെ ആത്മീയ ജീവിതത്തിൽ നാലു ശക്തിസ്രോതസ്സുകളാണുള്ളതെന്ന് അച്ചൻ സാക്ഷ്യപ്പെടുത്തുന്നു. ദിവ്യബലിക്കാണ് പ്രഥമസ്ഥാനം. രണ്ടാമത്തേത്, പ്രഭാത പ്രാർത്ഥന. ദൈവവുമായി ഒന്നിച്ചിരുന്നു പരസ്പരം പങ്കുവെക്കുന്നതിലൂടെ ലഭിക്കുന്ന ഈ ആത്മീയബലത്തിലാണ് ആ ദിവസമുള്ള മറ്റു പരിപാടികൾ. മൂന്നാമത്തേത്, തന്റെ ബ്രഹ്മചര്യസമർപ്പണം. നാലാമത്തേത്, മരിച്ച വിശ്വാസികൾക്കുവേണ്ടിയുള്ള പ്രാർത്ഥന.

ഈ നാലു ശക്തിസ്രോതസ്സുകളിലുള്ള അടിയുറച്ച വിശ്വാസമാണ്, തിരിച്ചുകിട്ടില്ലെന്ന് മറ്റുള്ളവർ എഴുതിത്തള്ളിയ ജീവിതം തിരിച്ചുപിടിക്കാൻ തുണയായതെന്ന് അച്ചൻ സാക്ഷ്യപ്പെടുത്തുന്നു. ആഗോള സുവിശേഷവൽക്കരണത്തിന് കേരളത്തിന്റെ സംഭാവനയായ ഫാ. മഞ്ഞാക്കലിനെ ഇനിയും യൂറോപ്പിനു വേണം. മരണത്തിൽനിന്നുമുള്ള ഈ രണ്ടാം വരവിലും അദ്ദേഹത്തിന് ചുറ്റും തടിച്ചുകൂടുന്ന ആയിരക്കണക്കിന് ജനങ്ങൾതന്നെ അതിനു സാക്ഷ്യം.

നരകവും സ്വർഗവും കൺമുന്നിൽ!

ശരീരമാകെ തളർന്ന്, സംസാരിക്കാൻ പോലുമാകാതെ മരണത്തിന്റെ പടിവാതിലിലെത്തി തിരിച്ചുവന്ന ഫാ. ജെയിംസ് മഞ്ഞാക്കൽ സഹനത്തിന്റെ നാളുകൾ പങ്കുവെക്കുന്നു

ആദ്യംതന്നെ സൺഡേ ശാലോമിന്റെ എല്ലാ വായനക്കാർക്കും ദൈവത്തിനു മഹത്വം ആശംസിക്കുന്നു! ഒന്നര വർഷത്തോളം ശരീരമാകെ തളർന്ന്, സംസാരിക്കാൻപോലുമാകാതെ മരണത്തിന്റെ പടിവാതിൽക്കലെത്തി തിരിച്ചുവന്ന സഹനത്തിന്റെ നാളുകൾ ചുരുങ്ങിയ വാക്കുകളിൽ പങ്കുവെക്കാം.

2012 ഡിസംബർ 16. ഗൾഫ് നാടുകളിൽ ഒരു മാസം നീണ്ടുനിന്ന ധ്യാനശുശ്രൂഷകൾ കഴിഞ്ഞ് ഞാൻ ജർമനിയിലെ മ്യൂണിക്കിൽ തിരിച്ചെത്തി. യാത്രയിലുടനീളം നല്ല പനിയും വയറുവേദനയും അനുഭവപ്പെട്ടിരുന്നതിനാൽ ഡോക്ടറുടെ നിർദേശാനുസരണം വീര്യമേറിയ ഗുളികകൾ കഴിച്ചിരുന്നു. 21ന് മുംബൈക്കുള്ള യാത്രയ്ക്കായി ബാഗിൽ വസ്ത്രങ്ങൾ അടുക്കിവെക്കുമ്പോൾ കാലിനും കൈക്കും ബലക്ഷയം അനുഭവപ്പെടുന്നു. ഉച്ചയായപ്പോൾ രോഗം മൂർച്ഛിച്ച് അരയ്ക്കു കീഴ്പോട്ട് പൂർണമായും തളരുന്ന പോലെ... ഉടൻ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും അപ്പോഴേക്കും കഴുത്തിനു താഴെ ശരീരം മുഴുവനും തളർന്നു കഴിഞ്ഞിരുന്നു.

പരിശോധനയിൽ രക്തത്തിൽ അസാധാരണമായ ബാക്ടീരിയകളുടെ സാന്നിധ്യം കണ്ടെത്തി. രക്തത്തിലെ ഈ വിഷബാധയാണ് അസുഖകാരണമെന്നായിരുന്നു ഡോക്ടർമാരുടെ കണ്ടെത്തൽ. അതിനാൽ രക്തത്തിലെ വിഷബാധ മാറ്റാനുള്ള ചികിത്സയാണ് ആദ്യം നടത്തിയത്. ചൂസ്മ പചത്വണ മാറ്റി നൽകി. ഗൾഫിൽവെച്ച് ആരോ ഭക്ഷണത്തിൽ വിഷം കലർത്തി നൽകിയെന്നായിരുന്നു നിഗമനം. ഇന്ത്യയിലും ഈ വാർത്ത പരന്നിരുന്നെന്നാണ് അറിയാൻ കഴിഞ്ഞത്.

ആയുസിന് 24 മണിക്കൂറിൽ കൂടുതൽ ദൈർഘ്യമില്ലെന്ന് വിദഗ്ധ ഡോക്ടർമാർ വിധിയെഴുതി. മരണത്തെ മുഖാമുഖം കണ്ട നിമിഷങ്ങൾ. അന്ത്യകൂദാശ സ്വീകരിച്ച് മരണത്തെ സ്വീകരിക്കാൻ ഒരുങ്ങി. മരണശേഷം എന്തുചെയ്യണമെന്ന് സഹായി ഗാബിയോട് നിർദേശിച്ചു. 22ന് ഇന്ത്യയിലെ പ്രൊവിൻഷ്യളിനെ വിളിച്ച് അന്ത്യയാത്ര പറഞ്ഞു. ചെയ്തുപോയ തെറ്റുകൾക്ക് മനസ്സിൽ ക്ഷമചോദിച്ചു. മരണത്തെ കാത്തുകിടന്ന 22-ാം തീയതി ഏതാനിമിഷത്തിൽ ഞാൻ പതുക്കെ 'കോമ'യിലേക്ക് താഴ്ന്നിറങ്ങി. അവസാനത്തേതെന്ന് കരുതി ഞാൻ കട്ടിലിൽകിടന്ന് അർപ്പിച്ച ദിവ്യബലി, 'കോമ'യിലേക്ക് വീഴുംമുമ്പേ തീർന്നിരുന്നു.

ഫാ. ജെയിംസ് മഞ്ഞാക്കൽ ചെക്ക് റിപ്പബ്ലിക്കിലെ ഒരു സ്നേഹക്കൂട്ടായ്മയിൽ.

പിന്നീട് വെന്റിലേറ്ററിന്റെ സഹായത്തോടെ നാലു മാസം ജീവൻ നിലനിർത്തുകയായിരുന്നു. ഓസ്ട്രിയ സാൽസ്ബർഗിലെ ആശുപത്രിയിലായിരുന്നു മൂന്നു മാസത്തെ ചികിത്സ. ഇതിനിടെ മൂന്നു തവണ കടുത്ത ന്യൂമോണിയ ബാധിച്ചു. അവസാനം ചികിത്സ നൽകാനാവാതെ ഡോക്ടർമാർ കൈയൊഴിഞ്ഞു. തുടർന്ന് സ്പെയിനിലെ പാംപോൽനാ സുപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിലേക്ക് എയർ ആംബുലൻസ് സഹായത്തോടെ മാറ്റി. അവിടത്തെ ചികിത്സയിൽ കാര്യമായ മാറ്റം കണ്ടെങ്കിലും ഫിസിയോതെറാപ്പി ചെയ്യാൻ സൗകര്യമുണ്ടായിരുന്നില്ല. രണ്ടു മാസത്തെ ചികിത്സയ്ക്കുശേഷം ഓസ്ട്രിയായിൽ തിരിച്ചെത്തി. ഫിസിയോതെറാപ്പി ഉൾപ്പെടെ വിവിധ ചികിത്സകൾ തുടർന്നു. അപ്പോഴേക്കും പണമെല്ലാം തീർന്നിരുന്നു. സെപ്റ്റംബർ മുതൽ ഡോ. റിച്ചിയുടെ വീട്ടിലേക്ക് താമസം മാറ്റി അവിടെ ചികിത്സ തുടർന്നു.

അസുഖം ബാധിച്ച് ആദ്യത്തെ ആറു മാസം സംസാരിക്കാനോ ഭക്ഷണം കഴിക്കാനോ സാധിക്കുമായിരുന്നില്ല. ചികിത്സയുടെ ആരംഭമുതൽ വിശുദ്ധ കുർബാനയാൽ പവിത്രീകരിക്കപ്പെട്ട വീഞ്ഞിന്റെ ഒരു തുള്ളി എന്റെ നാവിലേക്ക് മുടക്കംകൂടാതെ വൈദികർ ഒഴിച്ചുതരുമായിരുന്നു. ഈ തിരുരക്തമാണ് ജീവൻ നിലനിർത്തിയത്.

അസുഖം മൂർച്ഛിച്ച അവസരത്തിൽ ദൈവത്തിന് ഞാൻ വാഗ്ദാനം ചെയ്തു: "എന്റെ ജീവൻ തിരിച്ചു ലഭിച്ചാൽ, കിടക്കയിലോ വീൽചെയറിലോ ഇരുന്നായാലും ഞാൻ സുവിശേഷം പ്രഘോഷിക്കുക തന്നെ ചെയ്യും."

ആറു മാസത്തിനുശേഷം സംസാരശേഷി ഭാഗികമായി തിരിച്ചുകിട്ടി. 2014 മെയ് മുതൽ ദൈവരാജ്യപ്രഘോഷണത്തിന് എന്റെ നാവുകളെ സമർപ്പിച്ച് ദൈവത്തോടുള്ള വാഗ്ദാനം നിറവേറ്റാൻ ഞാൻ തയാറായി.

അസുഖത്തിന്റെ എല്ലാ ഘട്ടങ്ങളിലും എന്നെ പൂർണമായും ദൈവപരിപാലനയിൽ അർപ്പിച്ചു. എന്റെ ദയനീയാവസ്ഥയിൽ ഒരിക്കലും ദുഃഖം തോന്നിയില്ല. എല്ലാ സഹനങ്ങളിലും ദൈവത്തിൽമാത്രം ആനന്ദം കൊണ്ടു. ക്ലേശങ്ങളെ എന്റെയും മറ്റുള്ളവരുടെയും ആത്മശരീരങ്ങളുടെ ശുദ്ധീകരണത്തിനായി യേശുവിന്റെ സഹനത്തോടു ചേർത്ത് സമർപ്പിച്ചു പ്രാർത്ഥിച്ചു.

മരണത്തിന്റെ താഴ്വരയിലൂടെ ഞാൻ കടന്നുപോയിരുന്നു. മരണത്തിനും ജീവനുമിടയ്ക്കുള്ള നേർത്ത അതിർവരമ്പിൽനിന്ന് മുന്നോട്ടുനോക്കിയപ്പോൾ നരകവും ശുദ്ധീകരണ സ്ഥലവും സ്വർഗവും എനിക്ക് ദർശിക്കാനായി. കൺമുമ്പിൽ നിത്യതയുടെ യഥാർത്ഥ കാഴ്ച മായാതെ നിൽക്കുന്നു; നരകത്തെയും സ്വർഗത്തെയും നേരിൽക്കണ്ട ഈ അനുഭവം ഒരിക്കലും മറക്കാനുമാവില്ല. ഇതെക്കുറിച്ചുള്ള എന്റെ അനുഭവക്കുറിപ്പാണ് 'ഐസോ എറ്റേർണിറ്റി' എന്ന പുസ്തകം.

എന്റെ രോഗവേളയിൽ പ്രാർത്ഥിച്ച എല്ലാവരോടുമുള്ള നന്ദി എത്ര പറഞ്ഞാലും തീരില്ല. അസുഖവിവരങ്ങളറിയാൻ എന്നെയും എന്റെ സുഹൃത്തുക്കളെയും പലരും വിളിച്ചിരുന്നു. പ്രാർത്ഥനാസഹായം വാഗ്ദാനംചെയ്ത് എനിക്ക് നിങ്ങളിൽ നിന്നു ലഭിച്ചത് ആയിരക്കണക്കിന് ഇ- മെയിൽ സന്ദേശങ്ങളാണ്. എല്ലാറ്റിനും നന്ദി. ദൈവവചനം പ്രഘോഷിക്കാൻ ശക്തനാക്കി എന്നെ വീണ്ടും സ്റ്റേജിൽ എത്തിച്ചത് നിങ്ങളുടെ പ്രാർത്ഥനയാണെന്ന് ഞാൻ വിശ്വസിക്കുന്നു. കാരണം, അത്ഭുതങ്ങൾ പ്രവർത്തിക്കാൻ പ്രാർത്ഥനയ്ക്ക് മാത്രമേ കഴിയൂ.

Vol. No.4, Issue No.21, Printed and published by Shalom Media USA, printed at The Monitor press, McAllen and published from McAllen, Phone: (215) 366-3031.